# പതിമൂന്നാം കേരള നിയമസഭ
## (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1788 17/06/13-ൽ മറുപടിക്ക്

## വാടാനപ്പള്ളി ഫിഷറീസ് കോളനിയിലെ ഇരട്ടവീടുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.എ. മാധവൻ : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മണലൂർ നിയോജക മണ്ഡല ത്തിലെ വാടാനപ്പള്ളി ഫിഷറീസ് കോളനിയിൽ പട്ടയം ലഭിച്ച എത്ര ഇരട്ടവീടുകൾ ഉണ്ടെന്ന് അറിയി ക്കാമോ; | (എ) 6 ഇരട്ടവീട്ടുകളിലായി 10 പേർക്കാണ് പട്ടയം നൽകിയിട്ടുള്ളത്. |
| (ബി) പ്രസ്തുത കോളനിയോട് അനുബ ന്ധിച്ച് ഫിഷറീസ് വകുപ്പിന് എത്ര സെന്റ് പുരയിടം ഉണ്ടെന്ന് അറി യിക്കുമോ; | (ബി) ഫിഷറീസ് ഡയറക്ടറുടെ ഓഫീസിലെ ആസ്തി രജിസ്റ്റർ അനുസരിച്ച് 95 സെന്റ് സ്ഥലം,സർവ്വേ നമ്പർ 152/4,5,6,8,9,10 ൽ ഉണ്ട്. |
| (സി) പ്രസ്തുത കോളനിയിലെ ഇരട്ട വീടുകൾ ഒറ്റവീടുകൾ ആക്കുന്ന തിനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഫിഷറീസ് വകുപ്പവക സ്ഥലം അളന്നു തിട്ട പ്പെടുത്തി സംരക്ഷിക്കേണ്ടതു മായ ആവശ്യകതയിലേയ്ക്ക് 12.02.2013-ൽ സ്ഥലം എം.എൽ.എ. നിവേദനം നൽകിയിരുന്നോ; | (സി) & (ഡി) ഉണ്ട്. എല്ലാ ജില്ലകളിലെയും ഇരട്ടവീട്ടുകൾ പുനരുദ്ധരിക്കുന്നതിനായി പ്രസ്തുത കോളനികളിലെ ഇരട്ട വീട്ടുകളുടെ നിലവിലുള്ള അവസ്ഥയും പുനർനിർമ്മാണ ത്തിന് ആവശ്യമായ എസ്റ്റിമേറ്റും സഹിതം സമർപ്പിക്കുവാൻ ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരി ക്കുമെന്ന് അറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ